ജനകീയാസൂത്രണം എന്ത്? എന്തിന്?

സി. പി. ഐ (എം. എൽ) റെഡ് ഫ്ളാഗ്
സംസ്ഥാന കമ്മററി

കേരളത്തിന്റെ ഒമ്പതാം പദ്ധതി രൂപപ്പെടുത്തുന്നതിൽ 40 ലക്ഷത്തോളം പേരെങ്കിലും പങ്കാളികളാകാൻ പോകുന്നുവെന്നും അതിനെ തുടർന്നു് ജനകീയമായി 'അടിയിൽ നിന്നും പടുത്തുയർത്തിയ' ഈ പദ്ധതി കക്ഷിരാഷ്ട്രീയത്തിനതീതമായി വമ്പിച്ച ബഹുജന പങ്കാളിത്തത്തിലൂടെ നടപ്പിലാക്കുന്നതുവഴി വിസ്മയാവഹമായ വികസനം കൈവരാൻ പോകുന്നുവെന്നും ഇന്നു് വമ്പിച്ച പ്രചരണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണല്ലോ. ഇതിനനുസൃതമായി നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ പാർട്ടികളുടെയും, ഒപ്പം ബി.ജെ.പിയുടെയും ഉയർന്ന നേതാക്കളെ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാനതല ആസൂത്രണ സമിതി രൂപീകരിച്ചിട്ടുമുണ്ട്. സംസ്ഥാന, ജില്ലാ, പഞ്ചായത്തുതലത്തിൽ സംസ്ഥാന പ്ലാനിങ്ങ് ബോർഡ് മേധാവികളുടെയും ശാസ്ത്ര സാഹിത്യ പരിഷത്തു് നേതാക്കന്മാരുടെയും കീഴിൽ പ്രത്യേക പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സന്മാരെ ഉപയോഗിച്ച് ഇതിനായി പ്രത്യേക ഗ്രാമസഭകൾ വിളിച്ചുകൂട്ടൽ നടന്നുകൊണ്ടിരിക്കുകയുമാണ്. ഇങ്ങനെ 'ലോക ചരിത്രത്തിൽത്തന്നെ ഇദംപ്രഥമമായി' ജനലക്ഷങ്ങളുടെ പങ്കാളിത്തത്തോടെ പദ്ധതി ആസൂത്രണം ചെയ്യുകയും അതു് വിപുലമായ ബഹുജന പങ്കാളിത്തത്തോടെ നടപ്പാക്കുകയും ചെയ്തുകൊണ്ട് ഒരു വികസന വിസ്മയത്തിന് കേരളം രൂപം നല്കാൻ പോകുന്നുവെന്ന പ്രചരണം നടക്കുമ്പോൾ ഈ പരിപാടിയുടെയും അവകാശവാദങ്ങളുടെയും നിജസ്ഥിതിയും പ്രായോഗികതയും ഇതിനു പിന്നിലുള്ള യഥാർത്ഥലക്ഷ്യവുമെന്തെന്ന് പരിശോധിക്കാനാണ് ഇവിടെ ശ്രമിക്കുന്നതു്.

ഒമ്പതാം പദ്ധതിയുടെ യഥാർത്ഥ നിറം

കഴിഞ്ഞ എട്ടുപദ്ധതികളിൽ നിന്നു വ്യത്യസ്ഥമായി ഒമ്പതാം പദ്ധതി മേലെ നിന്നു കെട്ടിയിറക്കുന്നതിനു പകരം ദശലക്ഷക്കണക്കായ ജനങ്ങൾ അടിയിൽ നിന്നു കെട്ടിപ്പടുക്കുന്ന പ്രക്രിയയാണിന്നു നടക്കുന്നതു് എന്ന അവകാശവാദത്തിന്റെ പരിശോധനയിൽ നിന്നു തന്നെ നമുക്കാരംഭിക്കാം. ഇന്ത്യയാണ് നമ്മുടെ രാജ്യം. അതുകൊണ്ടു തന്നെ കേന്ദ്രത്തിൽ ഭരിക്കുന്ന സർക്കാരാണ് നമ്മുടെ രാജ്യത്തിന്റെ വികസന ന

യവും അതിൻെറ ഭാഗമായി പദ്ധതിയുടെ സ്വാഭാവവുമെല്ലാം തീരുമാനിക്കുന്നതു്. ഇന്നിപ്പോഠം കേന്ദ്രം ഭരിക്കുന്നതു് 13പാർട്ടികളുടെ ഐക്യമുന്നണിയാണ്. ആ മുന്നണി തങ്ങളുടെ ഭരണത്തിനാധാരമായി ഒരു കോമൺ മിനിമം പരിപാടി (C.M.P) രൂപീകരിച്ചിട്ടുമുണ്ട്. ആ സി.എം.പിയിലൂടെ അവർ രാജ്യത്തിൻെറ കാർഷിക-വ്യാവസായിക-സേവന മേഖലകളിൽ തങ്ങഠം നടപ്പാക്കാൻ പോകുന്ന നയങ്ങഠം വ്യക്തമായി പ്രഖ്യാപിക്കുകയുണ്ടായി. മുൻ റാവു സർക്കാർ നടപ്പാക്കിക്കൊണ്ടിരുന്ന ഉദാരവൽക്കരണ-ആഗോളവൽക്കരണ നയങ്ങളെന്നു വിളിക്കപ്പെടുന്ന IMF-ലോകബാങ്ക് കല്പനകഠംക്കനുസരിച്ചുള്ള സാമ്പത്തിക പരിഷ്ക്കാരങ്ങഠം കൂടുതൽ തീവ്രമായി നടപ്പാക്കാനുള്ള പ്രഖ്യാപനമായിരുന്ന C.M.Pയിലൂടെ മുന്നോട്ടുവെക്കപ്പെട്ടതു്. കാർഷികമേഖലയിൽ വിദേശക്കുത്തകകളെ കടത്തിക്കൊണ്ടുവരാനും അവരുടെ താല്പര്യങ്ങഠംക്കുവേണ്ടി ഇന്നേവരെയുള്ള എല്ലാവിധ ഭൂപരിഷ്ക്കരണ-ഭൂവിതരണ നയങ്ങഠംക്കു് ഔപചാരികമായിത്തന്നെ ഫുഠംസ്റ്റോപ്പിട്ടുകൊണ്ട് ഭൂപരിധി നിയമങ്ങഠം എടുത്തു കളയാനും ഭൂകേന്ദ്രീകരണം നടപ്പാക്കാനും എല്ലാമുള്ള തീരുമാനമാണ് പ്രഖ്യാപിക്കപ്പെട്ടതു്. വ്യവസായമേഖലയിൽ തന്ത്രപ്രധാനമായ പൊതുമേഖലാസ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കാനും അവയെ ബഹുരാഷ്ട്രക്കുത്തകകഠംക്കു് കൈമാറുന്നതിനാക്കം കൂട്ടാനായി ഒരു ഡിസ്ഇൻവെസ്റ്റ്മെൻറ് ബോർഡ് രൂപീകരിക്കാനുമുള്ള ഉദ്ദേശം സി.എം.പി പ്രഖ്യാപിച്ചു. അതിപ്പോഠം നടപ്പാക്കിക്കഴിയുകയും ചെയ്തു. വിദേശ മൂലധനത്തിനു് (ബഹുരാഷ്ട്രക്കുത്തകകഠംക്കു്) രാജ്യത്തു കടന്നുവരാനുള്ള അവശേഷിക്കുന്ന തടസ്സങ്ങഠം കൂടി ഇല്ലാതാക്കാനും അവയുടെ താല്പര്യങ്ങഠംക്കനുസരിച്ച് ട്രേഡ് യൂണിയൻ/തൊഴിൽത്തർക്ക നിയമങ്ങഠം പൊളിച്ചെഴുതാനുമുള്ള തീരുമാനവും സി.എം.പി മുന്നോട്ടു വെച്ചു. ഇതിനനുസരിച്ച് ചുരുങ്ങിയ ദിവസങ്ങഠംക്കുള്ളിൽത്തന്നെ ഏറ്റവും ലാഭകരമായി പ്രവർത്തിക്കുന്നതും ഇന്ത്യയിലെ തന്ത്രപ്രധാന മേഖലകളിൽ കുത്തകാധികാരവുമുള്ള പൊതുമേഖലാസ്ഥാപനങ്ങളായ I.O C, O.N.G.C., K.S.N.C, ടെലകോം തുടങ്ങിയ മേഖലകളെ സ്വകാര്യവൽക്കരിക്കാൻ നടപടികളാരംഭിച്ചും കഴിഞ്ഞു. റെയിൽവെ, ഖനി, ഗതാഗതം, തുറമുഖം, ടെലകോം, വൈദ്യുതി തുടങ്ങിയ മേഖലകളുടെ വികസനത്തിനായി ഏഴുലക്ഷം കോടി രൂപയുടെ വിദേശ മൂലധന നിക്ഷേപം ക്ഷണിച്ചു വരുത്തുമെന്നാണ് സി. എം. പി പ്രഖ്യാപിച്ചതു്. അതായതു് ആ മേഖലകളെയെല്ലാം വിദേശമൂലധനത്തിൻെറ (ബഹുരാഷ്ട്രക്കുത്തകകളുടെ) നിയന്ത്രണത്തിലാക്കുമെന്നു്. ഈ നയത്തിനനുസരിച്ച് സി.ഐ.എ പോലുള്ള ചാരസംഘടനകളുടെയടക്കം സഹായത്തോടെ ഭീമമായ കൊള്ള ലക്ഷ്യംവച്ചുകൊണ്ട് ഇന്ത്യൻ ഭരണാധികാരികളെ സ്വാ

ധീനിച്ച് വിദേശക്കുത്തകകൾ തരപ്പെടുത്തിയെടുത്ത എൻറോൺ, കോജൻട്രിക്സ് തുടങ്ങിയ ഊർജ്ജ പദ്ധതികൾക്ക് എല്ലാവിധ അനുമതിയും നല്കുക മാത്രമല്ല, ഇതേമട്ടിൽ കൊള്ളയുറപ്പാക്കുന്ന വൈദ്യുത പദ്ധതികൾക്കായുള്ള കരാറുകൾ ഓരോ സ്റ്റേറ്റിലും (കേരളമടക്കം) ഒപ്പു വച്ചുകൊണ്ടിരിക്കുകയും നടപ്പാക്കിക്കൊണ്ടിരിക്കുകയുമാണ്. ഇൻഷുറൻസ് രംഗത്തേക്ക് കൂടി വിദേശക്കുത്തകകളെ ക്ഷണിച്ചു വരുത്താനും ബാങ്കിങ്ങ് മേഖലയിലെ അവയുടെ കടന്നുകയററം ഊർജ്ജിതമാക്കാനുമുള്ള തീരുമാനങ്ങളും സി.എം.പി മുന്നോട്ടു വച്ചു.

അതായത് മുൻ റാവു സർക്കാരിൻെറ സാമ്പത്തിക പരിഷ്ക്കാരങ്ങളെ കൂടുതൽ ഉയർന്ന ഒരു ഘട്ടത്തിലേക്ക് നയിക്കാൻ ലക്ഷ്യം വച്ചുള്ള ഒരു നയപ്രഖ്യാപനമാണ് സി.എം.പിയിലൂടെ ഉണ്ടായത്. തുടർന്നു കൊണ്ടു വന്ന കേന്ദ്ര ബജററും, പെട്രോളിയം വില വർദ്ധനയും ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പകുതിയിലേറെ ഓഹരികളും വില്ക്കാനുള്ള തീരുമാനവും എല്ലാം തന്നെ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ആ പ്രഖ്യാപനം ഊർജ്ജിതമായി നടപ്പാക്കിത്തുടങ്ങിയതിനെ കാണിക്കുകയും ചെയ്യുന്നു. അതായത് തങ്ങളുടെ വരുന്ന അഞ്ചു വർഷക്കാലത്തെ ഭരണത്തിനാധാരമായി ഇത്തരമൊരു നയം പ്രഖ്യാപിക്കുകയും നടപ്പാക്കുകയും ചെയ്യുമ്പോൾ ഈ കേന്ദ്ര സർക്കാർ നടപ്പാക്കാൻ പോകുന്ന ഒമ്പതാം പദ്ധതിയുടെ ഉള്ളടക്കവും ഇതുതന്നെയായിരിക്കുമെന്നതു് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. ഈ സി. എം. പിയാകട്ടെ ആരെങ്കിലും ജനങ്ങളോട് ചർച്ച ചെയ്ത് തീരുമാനിച്ചല്ല ഉണ്ടാക്കിയതെന്നു വ്യക്തമാണല്ലോ. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പുത്തൻ സാമ്പത്തിക പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി ജനങ്ങൾക്ക് ദുസ്സഹമായ ദുരിതങ്ങൾ സമ്മാനിക്കുകയും ഗാട്ട് കരാറിലൂടെ രാജ്യത്തിൻെറ ഔപചാരിക സ്വാതന്ത്ര്യമടക്കം കൈയൊഴിയുകയും ചെയ്ത കോൺഗ്രസിനെ ജനങ്ങൾ തൂത്തെറിഞ്ഞതിലൂടെ ഈ നയങ്ങളോട് ജനങ്ങൾക്കുള്ള കടുത്ത എതിർപ്പ് ആർക്കും മനസ്സിലാവും വിധം വ്യക്തമാക്കപ്പെട്ടതാണ്. ഇന്നത്തെ 13 അംഗ ഐക്യമുന്നണിയിലെ ഭൂരിപക്ഷം കക്ഷികളും ആ നയങ്ങളെ എതിർത്തും ആ നയങ്ങൾ തിരുത്തുമെന്നു വാഗ്ദാനം ചെയ്തുമാണ് വോട്ടു പിടിച്ചതും. അതായത് ജനങ്ങൾ വളരെ വ്യക്തമായി പ്രകടമാക്കിയ താല്പര്യങ്ങൾക്കും അഭിലാഷങ്ങൾക്കും തികച്ചും വിരുദ്ധമായാണ് ഈ സി.എം.പി പ്രഖ്യാപിക്കപ്പെട്ടതും ഇന്നു നടപ്പാക്കിക്കൊണ്ടിരിക്കുന്നതും. 1947മുതൽ ഇന്ത്യൻ ഭരണകൂടം തുടരുന്ന സാമ്രാജ്യത്വാശ്രിതവും ജനവിരുദ്ധവുമായ നയങ്ങൾ രാജ്യത്തെ ഒരു പ്രതിസന്ധിയിലേക്കെത്തിച്ചപ്പോൾ 80കളിലും 90കളിലുമായി ആ പ്രതിസ

ന്ധി പരിഹരിക്കാനെന്ന മറവിൽ കൂടുതൽ ഭീകരമായ സാമ്രാജ്യത്വാധീശത്വത്തിലേക്ക് ഉദാരവൽക്കരണ-ആഗോളവൽക്കരണ നയങ്ങളിലൂടെ രാജ്യത്തെ ഭരണവർഗ്ഗശക്തികൾ തള്ളിവിടുകയായിരുന്നു. ഇതിന്ന് രാജ്യത്തെ രക്ഷപ്പെടാനാവാത്ത കടക്കെണിയിലേക്കും ഉല്പാദന മേഖലകളുടെ മാത്രമല്ല സാമൂഹ്യ സാംസ്ക്കാരിക മണ്ഡലങ്ങളുടെയടക്കം സമ്പൂർണ്ണ തകർച്ചയിലേക്കും പ്രതിസന്ധിയിലേക്കും എത്തിച്ചിരിക്കുകയാണ്. ഇങ്ങനെ 47മുതൽ ഇന്നേ വരെ നടപ്പാക്കിയ സാമ്രാജ്യത്വാശ്രിത ഭരണകൂട നയങ്ങളുടെ സ്വാഭാവിക തുടർച്ചയെന്നോണം രാജ്യത്തിനുമേലുള്ള പുത്തൻ കൊളോണിയൽ കൊള്ളയെയും മർദ്ദനത്തെയും കൂടുതൽ തീവ്രവും ഉയർന്നതുമായ തലത്തിലേക്കെത്തുന്നതാണ് സി.എം.പിയിലൂടെ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന നയം. ഇന്നത്തെ സാമൂഹ്യ സാമ്പത്തിക വ്യവസ്ഥകളിൽ രാജ്യദ്രോഹികളായ ഭരണവർഗ്ഗങ്ങൾക്ക് മുന്നിലുള്ള ഒരേയൊരു പാതയുമാണത്.

ഇത്തരമൊരു സി.എം.പി യുടെ കാഴ്ചപ്പാടിനനുസരിച്ച് ഒമ്പതാം പദ്ധതിക്ക് കേന്ദ്രതലത്തിൽ രൂപം നല്കിയിരിക്കുന്നു. അതിനനുസരിച്ചുള്ള പദ്ധതികൾക്ക് സംസ്ഥാനതലത്തിൽ ഓരോ സംസ്ഥാനവും രൂപം നല്കിക്കൊണ്ടിരിക്കുകയുമാണ്. ഐക്യമുന്നണിയിലെ ഘടകകക്ഷികൾ ഭരിക്കുന്ന കേരളത്തിലെന്നപോലെ ഐക്യമുന്നണിഘടകകക്ഷികൾ തന്നെ ഭരിക്കുന്ന തമിഴ്നാട്, കർണ്ണാടക, ആന്ധ്ര തുടങ്ങിയ അയൽ സംസ്ഥാനങ്ങളിലും 9-ാം പദ്ധതിക്ക് ഈ വിധം രൂപം നല്കിയിരിക്കുന്നു. ഈ സംസ്ഥാനങ്ങളിലെ പദ്ധതികളിൽ നിന്ന് കേരള സംസ്ഥാനത്തിന്റെ പദ്ധതിക്കുള്ള വ്യത്യാസമെന്താണ്? കേരളത്തിലെ ഭരണാധികാരികളുടെ അഭിപ്രായ പ്രകാരം അതിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നുവെന്നതു മാത്രമാണത്.

ജനകീയതയും ജനകീയപങ്കാളിത്തവും

ജനകീയ പങ്കാളിത്തത്തെയും യഥാർത്ഥ ജനകീയതയെയും നാം തിരിച്ചറിയേണ്ടതുണ്ട്. ജനങ്ങളുടെയും രാജ്യത്തിന്റെയും അടിസ്ഥാന താല്പര്യങ്ങൾക്കനുസൃതമായി നടപ്പാക്കുന്ന കാര്യങ്ങളെയെ ജനകീയമെന്നു വിശേഷിപ്പിക്കാനാവൂ. വിശാലജനവിഭാഗങ്ങളുടെയും രാജ്യത്തിന്റെ പൊതുവിലുമുള്ള താല്പര്യത്തിനു ഹാനികരമായ ഒരു പരിപാടിയിൽ വിപുലമായ പ്രചരണ പരിപാടികളിലൂടെ മഹാഭൂരിപക്ഷം ജനങ്ങളെയും അണിനിരത്തിയെന്നതുകൊണ്ടോ അഥവാ ഏറിയും കുറഞ്ഞും പങ്കെടുപ്പിച്ചുവെന്നതുകൊണ്ടോ ഒരു പരിപാടിയും ജനകീയമാവില്ല. 'യുവാക്കൾ രാഷ്ട്രപുനർനിർമ്മാണത്തിന്' എന്ന പേരിൽ അടിയന്തരാവ

സ്ഥക്കാലത്തു് ഇന്ദിരാസർക്കാരും, ദേശീയാപമാനത്തിൽനിന്നു് ജർമ്മനിയെ രക്ഷിക്കാനെന്ന പേരിൽ ഹിററ്ലറും നടപ്പാക്കിയ സന്നദ്ധപ്രവർത്തനത്തിൻെറയും മററും ഉദാഹരണങ്ങൾ നമുക്കു മുന്നിലുണ്ടു്. ജർമ്മനിയിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ വമ്പിച്ച ആവേശത്തോടെ വിപുലമായ യുവജന വിദ്യാർത്ഥി വിഭാഗങ്ങൾ പങ്കെടുത്തിരുന്നുവെന്നതിൻെറ പേരിൽ അതിനെ ജനകീയമായ വികസനം എന്നു പറയാനാവില്ലല്ലോ. അടിയന്തിരാവസ്ഥക്കാലത്തു് സന്നദ്ധപ്രവർത്തനത്തിലൂടെ ഏറെ യുവാക്കൾ ചോരയും നീരും സംഭാവനചെയ്ത കല്പട പദ്ധതി തന്നെ യാതൊരു വിധ വികസനത്തിനും ഉപകരിച്ചില്ലെന്നതും ഭീമമായ അഴിമതിയിലൂടെയും മററും കോടിക്കണക്കായ നാടിൻെറ സമ്പത്തു് നശിപ്പിക്കുകയായിരുന്നുവെന്നും ഇന്നു നമുക്കറിയാം.

വികസനം: രാഷ്ട്രീയ ഉള്ളടക്കമെന്ത്?

ഇവിടെ ഉയർന്നുവരുന്ന കാതലായ പ്രശ്നം ഇപ്പോൾ കൊണ്ടുവരാൻ പോകുന്നുവെന്നു പറയുന്ന വികസനത്തിൻെറ രാഷ്ട്രീയ ഉള്ളടക്കമെന്താണു് എന്നതാണു്. കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന സി.എം.പിയുടെയും അതിൻെറ ചുവടുപിടിച്ചുള്ള 9-ാം പദ്ധതിയുടെയും രാഷ്ട്രീയ ഉള്ളടക്കത്തിൻെറ കാര്യത്തിൽ അതു് സാമ്രാജ്യത്വ ശക്തികളുടെ പുത്തൻ കൊളോണിയൽകൊള്ള തീവ്രമാക്കുന്നതും രാജ്യത്തെയും ജനങ്ങളെയും കൂടുതൽ വലിയ പ്രതിസന്ധിയിലേക്കും തകർച്ചയിലേക്കും നയിക്കുന്നതുമാണെന്ന കാര്യത്തിൽ സംശയമില്ല. ഇത്തരമൊരു രാഷ്ട്രീയ ഉള്ളടക്കമാണു് ഇവിടെ നടപ്പാക്കാൻ പോകുന്ന വികസനം എങ്കിൽ അതിൽ എത്രതന്നെ ആളുകളെ പങ്കെടുപ്പിച്ചാലും അതു് ജനകീയമായ ഒന്നാവില്ല. അത്തരമൊരു പരിപാടിക്കു് ജനകീയ പങ്കാളിത്തമുണ്ടാക്കുകയെന്നതിനർത്ഥം വിശാല ജനവിഭാഗങ്ങളുടെയും രാജ്യത്തിൻെറയും താല്പര്യങ്ങൾക്കു ഹാനികരമായതും, സാമ്രാജ്യത്വ ശക്തികളുടെയും രാജ്യസ്നേഹികളല്ലാത്ത ഒരു പിടി സമ്പന്ന വരേണ്യ വർഗ്ഗത്തിൻെറയും താല്പര്യങ്ങളെയും ഇംഗിതങ്ങളെയും സേവിക്കുന്നതുമായ ഇത്തരമൊരു വികസനത്തിനെതിരെ ഉയർന്നുവരാവുന്ന എല്ലാത്തരം സാമൂഹ്യമായ എതിർപ്പുകളുടെയും മുനയൊടിക്കാനും ഏററവും ഭംഗിയായി അവ നടപ്പാക്കാനുമുള്ള ഒരു മറയൊരുക്കുന്നു എന്നു മാത്രമാണു്. വികസനത്തിൽ യു.ഡി.എഫിനു് ജനകീയ പങ്കാളിത്തം ഉണ്ടാക്കാനാവില്ല, അതിനു കഴിയാവുന്ന വിധത്തിൽ പുരോഗമന ജനാധിപത്യ ശക്തികൾക്കിടയിൽ അതിൽ സ്വാധീനമില്ല എന്നും, എന്നാൽ തങ്ങൾക്കു് 'വികസന'ത്തിൽ വിപുലമായ ജനകീയപങ്കാളിത്തമുണ്ടാക്കാനാവുമെന്നും പറയുമ്പോൾ അതിനർത്ഥം തങ്ങൾക്കു് കൂടുതൽ ഫല

പ്രദമായി ഇതേ നയങ്ങൾ നടപ്പാക്കാനാവുമെന്നു മാത്രമാണ്. യു.ഡി.
എഫ്. കൊണ്ടുവന്ന പരിയാരം കോഴ കോളേജും അൺ എയിഡഡ്-
സ്വാശ്രയ കോളേജുകളും കാര്യമായ എതിർപ്പൊന്നുമില്ലാതെ തങ്ങൾക്ക
തുടരാനും തൊട്ടുപുഴയിലേതുപോലെ പുതിയവ തുടങ്ങാനും കഴിയുന്നുവെ
ന്നും, വൈദ്യുതിക്ക് ഭീമമായി വിലയുയർത്തുന്നതും ബഹുരാഷ്ട്രകുത്തകൾ
ക്ക് വൻ ലാഭമുണ്ടാക്കുന്നതുമായ ഗൂഢമായി ടെണ്ടർ പോലുമില്ലാതെ ക
രാറുണ്ടായിരിക്കുന്ന ഒമ്പതു് വൻകിട സ്വകാര്യ വൈദ്യുതി പദ്ധതികളും
തങ്ങൾക്ക് കൂടുതൽ വേഗത്തിലും കാര്യമായ എതിർപ്പില്ലാതെയും മുമ്പോ
ട്ടുകൊണ്ടു പോകാനാവുന്നുവെന്നും അതേ മട്ടിൽ സ്റ്റാററ്യൂട്ടറി റേഷൻ ഇല്ലാ
താക്കുന്നതും യാതൊരു ന്യായീകരണവുമില്ലാതെ ഭീമമായി ബസ് ചാർ
ജ് വർദ്ധിപ്പിക്കുന്നതുമടക്കമുള്ള പല കാര്യങ്ങളും നടത്താനാവുന്നുവെന്നും
പറയുമ്പോൾ അതിനർത്ഥം ഇതു മാത്രമാണ്.

വികസനം ജനവിരുദ്ധ നയങ്ങൾക്കെതിരായ സമരത്തിലൂടെ

മേൽ സൂചിപ്പിച്ചതുപോലുള്ള രാജ്യദ്രോഹകരവും ജനവിരുദ്ധവുമായ
വികസന നയങ്ങളെ കുത്തലാളുകളുടെ പങ്കാളിത്തത്തോടെ നടപ്പാക്കിയെ
ന്നതുകൊണ്ട് അതിന്റെ ഉള്ളടക്കത്തിലും അതുളവാക്കുന്ന ഫലങ്ങളിലും
യാതൊരു മാററങ്ങളുമുണ്ടാകാൻ പോകുന്നില്ല. മറിച്ച് അവക്കെതിരായ
ജനകീയസമരങ്ങൾ കൂടുതൽ കൂടുതൽ കരുത്താർജ്ജിക്കുകയും കഴിയുന്നത്ര
ആ നയങ്ങളെ ചെറുത്തു തോല്പിക്കുകയും ചെയ്യുമ്പോൾ മാത്രമേ ജനങ്ങ
ൾക്ക് വികസനത്തിന്റെ നേട്ടങ്ങൾ കുറച്ചെങ്കിലും ലഭ്യമാകൂ. ഉദാഹര
ണത്തിനു് ഐ എം എഫ്-ലോകബാങ്ക് നയങ്ങൾക്കനുസരിച്ച് സർ
ക്കാർ-എയിഡഡ് സ്കൂളുകൾ അടച്ചുപൂട്ടാനും പകരം അൺ എയിഡഡ്-
സ്വാശ്രയ സ്ഥാപനങ്ങൾ കൊണ്ടുവരാനും യു.ഡി.എഫ് സർക്കാർ ശ്രമി
ക്കുകയുണ്ടായി. അതുപോലെ, റേഷൻ കാർഡുകൾ തരംതിരിച്ചുകൊണ്ട്
സ്റ്റാററ്യൂറി റേഷൻ ഇല്ലാതാക്കാനും ആശുപത്രികളിൽ ഒ പി ടിക്കററിനും
ചികത്സക്കുമെല്ലാം ഫീസീടാക്കാനും അവർ തീവ്രശ്രമം നടത്തി. അവ
ക്കെതിരെ നടന്ന ഉശിരൻ ജനകീയ സമരങ്ങളിലൂടെയാണ് കേരള ജനത
നേടിയെടുത്ത സൗജന്യ വിദ്യാഭ്യാസ-ആരോഗ്യ അവകാശങ്ങളും
റേഷൻ അവകാശവുമെല്ലാം ഇന്നും നമുക്ക് അനുഭവിക്കാനാവുന്നതു്.
കേരളാ മോഡൽ എന്ന പേരിൽ ഭരണകർത്താക്കൾ വിശേഷിപ്പിക്കുന്ന
ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ ഉയർന്ന നിലവാരവും 'ജീവിത
ഗുണനിലവാര'ത്തിലെ ഉയർച്ചയും കേരളീയർ കൈവരിച്ചതു് അതാ
തു കാലത്തെ ഭരണവർഗ്ഗ വികസന പരിപാടികൾക്ക് വേണ്ടി ശ്രമദാനവും

സന്നദ്ധ പ്രവർത്തനവും നടത്തിയായിരുന്നില്ല. മറിച്ച് ഉശിരൻ കർഷക—തൊഴിലാളി പോരാട്ടങ്ങളിലൂടെ ഇന്ത്യയുടെ ഇതര സംസ്ഥാനങ്ങളിലേക്കാൾ മെച്ചപ്പെട്ട വിധം ഭൂപരിഷ്ക്കരണവും ഉയർന്ന കൂലിയും നേടിയെടുത്തുകൊണ്ടാണ്; ഭരണഘടനാദത്തമായ ആരോഗ്യ വിദ്യാഭ്യാസവകാശങ്ങൾ സാർവ്വത്രികമാക്കാൻ വേണ്ടി പോരാടി അവ നേടിക്കൊണ്ടാണ്, സ്റ്റാറ്റ്യൂട്ടറിറേഷനടക്കം നേടിയെടുത്തത്. സർവ്വതോന്മുഖമായ പുത്തൻ കൊളോണിയൽകൊള്ളക്ക് രാജ്യത്തെ അടിയറവക്കുന്ന ഇന്നത്തെ സാമ്പത്തിക പരിഷ്ക്കാര നയങ്ങൾക്കെതിരെ ഉശിരൻ പോരാട്ടങ്ങൾ നടത്തിക്കൊണ്ടേ, പൊതുമേഖലയെ തകർക്കാനും കാർഷികമേഖലയെയും ബാങ്കിങ്ങ്—ഇൻഷുറൻസ്—ഊർജ്ജമേഖലകളെയും വിദേശമൂലധനത്തിനു തീറെഴുതാനുമുള്ള ശ്രമങ്ങളെ ചെറുത്തു പരാജയപ്പെടുത്തിക്കൊണ്ടേ ഇന്ന് ഉയർന്ന വികസനം പോകട്ടെ, നിലവിലുള്ള സ്ഥിതിഗതികൾ കൂടുതൽ മോശമാകാതെ നോക്കാനെങ്കിലും നമുക്കാവുകയുള്ളൂ. അതായത് ഇന്ന് രാജ്യത്തിന്റെയും അതിലെ മഹാഭൂരിപക്ഷം ജനങ്ങളുടെയും താല്പര്യങ്ങൾക്കനുസരിച്ചുള്ള ഒരു വികസന കാഴ്ചപ്പാട് വെച്ചുപുലർത്തുന്നവരുടെ കടമ ഈ ജനവിരുദ്ധ വികസന പദ്ധതികൾക്കായി ജനങ്ങളെ അണിനിരത്തലല്ല; മറിച്ച് അവയെ എതിർക്കാൻ വേണ്ടി ജനങ്ങളെ അണിനിരത്തലാണ്.

ജനകീയാസൂത്രണമെന്ന പേരിൽ വ്യാമോഹങ്ങൾ പരത്തുന്നു

ജനകീയാസൂത്രണം നടപ്പിൽ വരുന്നതോടെ, അതു നടപ്പിൽ വരാൻ പോകുന്ന പഞ്ചായത്തുകളിൽ വികസനരംഗത്ത് വൻ കുതിച്ചുചാട്ടങ്ങൾ നടക്കാൻ പോകുന്നുവെന്നാണ് ജനകീയാസൂത്രണത്തിന്റെ സൂത്രധാരകർ പറയുന്നത്. യഥാർത്ഥത്തിൽ അങ്ങേയററം തെററായ വ്യാമോഹങ്ങളാണവർ ഇതിന്റെ പേരിൽ പരത്തുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഇതിനകം തന്നെ കൈക്കൊണ്ട നടപടികൾ കാർഷിക/വ്യാവസായിക മേഖലകളിൽ വമ്പിച്ച പ്രതിസന്ധികളും തകർച്ചയുമാണ് യഥാർത്ഥത്തിൽ കൊണ്ടുവരാൻ പോകുന്നത് എന്ന് തെളിയിച്ചു കഴിഞ്ഞിട്ടുണ്ട്. നാളികേര കർഷകന്റെയും കേരളത്തിന്റെ സമ്പദ്ഘടനയുടെയും നട്ടെല്ലൊടിച്ചുകൊണ്ട് റാവുസർക്കാർ വ്യാപകമായി പാമോയിൽ ഇറക്കുമതി ചെയ്യുകയും വെളിച്ചെണ്ണയുടെ ഇറക്കുമതിച്ചുങ്കം ഇടിക്കുകയും ചെയ്തുവെങ്കിൽ ആ നടപടി റദ്ദാക്കുകയല്ല, മറിച്ച് വെളിച്ചെണ്ണയുടെയും റബ്ബറിന്റെയും ഇറക്കുമതിച്ചുങ്കം വീണ്ടും കുത്തനെ ഇടിക്കുകയാണ് ഐക്യമുന്നണി സർക്കാർ ചെയ്തത്. കേരളത്തിലെ ഏററവും വലിയ

വ്യവസായമായ എഫ്.എ.സി.ടിയുടെ ഉൽപ്പന്നമായ കാപ്രോലാക്ടത്തിന്റെ ഇറക്കുമതിച്ചുങ്കവും കുത്തനെ ഇടിച്ച്. അതിന്റെ നിലനിൽപ്പിനെതിരെയും വാളോങ്ങിയിരിക്കുന്നു. 2400 പേർ തൊഴിൽ ചെയ്തിരുന്ന മധുരാകോട്സിൽ 1600 പേരെയും പിരിച്ചയച്ചുകൊണ്ട് തൊഴിൽ വെറും 800 പേർക്കായി ചുരുക്കി ലാഭം പതിന്മടങ്ങാക്കാൻ ബഹുരാഷ്ട്രക്കുത്തക നടത്തിയ ശ്രമങ്ങൾക്ക് പച്ചക്കൊടി വീശുകയും തൊഴിലാളികളുടെ അംഗീകാരമില്ലാതെ ഇതിനായി ഉണ്ടാക്കിയ കരാർ നടപ്പാക്കാനും തീവ്രശ്രമം നടത്തുകയുമാണ് കേരള സർക്കാരും ചെയ്യുന്നത്. വിവിധ ബഹുരാഷ്ട്രക്കുത്തകകളുമായി കേരളസർക്കാർ കരാർ ഒപ്പിട്ടിരിക്കുന്ന വൈദ്യുത പദ്ധതികൾ നടപ്പാക്കി അതിൽനിന്നു വൈദ്യുതി വാങ്ങിത്തുടങ്ങിയാൽ വൈദ്യുതിയുടെ വില യൂണിററിന് നാലുരൂപയെങ്കിലുമായി ഉയരുകയും കർഷകർ വൈദ്യുതിക്ക് ഇതേ വില നല്കേണ്ടിവരികയും ചെയ്യും. വളത്തിനും കീടനാശിനികൾക്കും മററു കാർഷിക സാമഗ്രികൾക്കുമുള്ള സബ്സിഡികൾ ഇല്ലാതാക്കുകയെന്ന മുൻ സർക്കാരിന്റെ നയവും തുടരുക തന്നെയാണ്. കാർഷിക-വ്യാവസായിക ഉൽപ്പന്നങ്ങൾക്ക് ന്യായ വിലയും വിപണിയും ഉറപ്പാക്കാൻ യാതൊന്നും ചെയ്യുന്നില്ലെന്നു മാത്രമല്ല. അവയെ വിപണിയിൽ നിന്നു പുറന്തള്ളുന്ന വിധത്തിൽ ഇറക്കുമതിക്കുള്ള എല്ലാ തടസ്സവും കാർഷിക-വ്യാവസായിക മേഖലകളിലെ ബഹുരാഷ്ട്രകുത്തകകൾക്കു നൽകുകയും ചെയ്യുന്നു. ഇങ്ങനെ അടിക്കടിയേൽക്കുന്ന പ്രഹരങ്ങൾക്കുമുന്നിൽ കർഷകൻ സ്തംഭിച്ചുനിൽക്കുമ്പോൾ, തൊഴിലാളിക്ക് ഉള്ള തൊഴിൽകൂടി നഷ്ടപ്പെടുമ്പോൾ ഇവക്കെതിരെയുള്ള സമരങ്ങളിൽ നിന്നു ജനങ്ങളുടെ മുഖം തിരിക്കുന്നതിനും പഞ്ചായത്ത്/മുനിസിപ്പാലിററികളിലെ വാർഡുതലത്തിൽ കൃഷിയെയും വ്യവസായത്തെയും വളർത്താൻ പദ്ധതികളുണ്ടാക്കാമെന്നു പറഞ്ഞ് ഏററവും ചെറിയ '൦' വട്ടത്തിലേക്ക് അവരുടെ ശ്രദ്ധയെ ഒതുക്കാനുമാണ് ഇന്നു ആസൂത്രണ-വികസന പല്ലവികൾ പാടുന്നത്. കാർഷിക മേഖലയിലായാലും വ്യാവസായിക മേഖലയിലായാലും ഉൽപ്പന്നങ്ങൾക്ക് സ്ഥിരമായ ഒരു ന്യായവിലയും വിപണിയും ഉറപ്പാക്കാതെയും കാർഷിക സാമഗ്രികളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കളുടെയും വില കൃഷിയും വ്യവസായവും ലാഭകരമാവുന്ന രീതിയിൽ കാച്ചുനിർത്താതെയും ഉൽപ്പാദന വർദ്ധനവോ ഉൽപ്പാദനക്ഷമതയോ നേടാനാവില്ല. ഇതിനു വിരുദ്ധമായ രീതിയിൽ ഇന്നു സൃഷ്ടിക്കപ്പെടുന്ന വമ്പൻ വ്യാമോഹങ്ങൾ കൂടുതൽ നിരാശാവാദത്തിലേക്കും നിഷേധാത്മക പ്രവണതകളിലേക്കും ജനങ്ങളെ കൂടുതലാഴത്തിൽ തള്ളിവിടുന്നതിനു മാത്രമേ ഉപകരിക്കൂ.

കേരളം ഒരു സംസ്ഥാനമായി മാറിയിട്ട് നാലു പതിററാണ്ടായിരിക്കുന്നു. ഈ നാലു പതിററാണ്ടുകാലത്ത് കേരളത്തിൽ നടപ്പാക്കിയ

കാർഷിക-വ്യാവസായിക നയങ്ങൾ ഇന്നു പരിശോധിക്കപ്പെടേണ്ടതുണ്ട്. കാർഷിക മേഖലയിൽ ഭക്ഷ്യവിളകളെ പാടെ നിരുത്സാഹപ്പെടുത്തുകയും നാണ്യവിളകളെ വൻ ലോണുകളും സബ്സിഡിയും നൽകി പ്രോൽസാഹിപ്പിക്കുകയുമായിരുന്നു. ഇന്നിപ്പോഴാകട്ടെ ആഗോളവൽക്കരണ നയങ്ങളെത്തുടർന്ന് നാണ്യവിളകളും പ്രതിസന്ധിയിലേക്കു നീങ്ങുന്നു. ആഗോള വിപണിയിലെ ഏററിറക്കങ്ങൾക്കും ആന്ദോളനങ്ങൾക്കുമനുസരിച്ച് അവയുടെ സ്ഥിതിയും അങ്ങേയററം അനിശ്ചിതത്വത്തിലാണ്. വ്യാവസായിക മേഖലയിലാകട്ടെ കയർ, കശുവണ്ടി, ബീഡി, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ കാലോചിതമായി വികസിപ്പിക്കാനും അവയുടെ ഉൽപ്പന്നങ്ങൾക്ക് മാർക്കററ് കണ്ടെത്താനും ഒന്നും തന്നെ ശ്രമിക്കുകയുണ്ടായില്ല. അതിൻെറ ഫലമായി അവയും തകർന്നു. പലതും പുറം സംസ്ഥാനങ്ങളിലേക്കു പറിച്ചു നടപ്പെട്ടു. ഇവയുടെ തകർച്ചക്ക് സർക്കാർ നയങ്ങൾ തന്നെയാണ് വഴിവെച്ചതു്. അതിൻെറ ഏററവും നല്ല ഉദാഹരണമാണ് ഇപ്പോൾ തകർച്ചയിലേക്ക് നീങ്ങുന്ന ദിനേശ് ബീഡി കമ്പനി. മിനി സിഗരററുകൾക്കുള്ള നികുതി പിൻവലിച്ച അടുത്തകാലത്തെ നടപടിയാണതിനു കനത്ത പ്രഹരമായതു്. അന്താരാഷ്ട്ര തലത്തിൽ പുകവലി കുറഞ്ഞുവരുന്നതാണ് കാരണമെന്നും മററും കള്ളപ്രചരണം നടത്തുമ്പോൾ ഐ.ടി.സി, ജി.ടി.സി തുടങ്ങിയ വൻകിട സിഗരററ് കുത്തകകൾ കുതിച്ചുയരുന്നതു തന്നെയാണ് നാം കാണുന്നതു്. വൻകിട വ്യവസായ മേഖലയിലാകട്ടെ കേരളത്തിൽ നിന്നും ബാങ്കുകളിലൂടെയും ഇതര ധനകാര്യ സ്ഥാപനങ്ങളിലൂടെയും സമാഹരിക്കുന്ന തുകയുടെ ചെറിയൊരു വിഹിതംപോലും മൂലധനമായി ഇവിടെ വിനിയോഗിക്കാനോ വ്യവസായങ്ങളാരംഭിക്കാനോ ശ്രമം നടന്നില്ല. വൈദ്യുതമേഖലയിൽ ഏറ്റെടുത്ത പദ്ധതികൾ അനന്തമായി പണി നീട്ടിക്കൊണ്ടുപോവുകയും അതിനനുസരിച്ച് മൂലധനച്ചെലവ് പത്തിരട്ടിയും അതിലേറെയുമായി വർദ്ധിക്കുകയോ വർദ്ധിപ്പിക്കുകയോ ചെയ്യുതും കാര്യക്ഷമമായ വിതരണ/പരിവഹണ പദ്ധതികൾ നടപ്പാക്കാത്തതുംമൂലം ഉണ്ടായ ഊഹാതീതമായ നഷ്ടവും പുതിയ പദ്ധതികൾ ഏറെറടുക്കാൻ കഴിയാത്ത സ്ഥിതിയും വൈദ്യുതി ക്ഷാമം സൃഷ്ടിച്ചിരിക്കുന്നു. ഇങ്ങനെ വളരെ ആസൂത്രിതമായി ഇത്തരമൊരു സ്ഥിതിവിശേഷം സൃഷ്ടിച്ചതിനുശേഷം ഈ മേഖലയെത്തന്നെ വിദേശ ബഹുരാഷ്ട്രകുത്തകകൾക്ക് ഏൽപ്പിക്കാനുള്ള ശ്രമമാണ് ഇന്നു നടക്കുന്നതു്.

മൂലധനസമാഹരണം

കേരളം നേടിയെടുത്ത സേവന മേഖലകളുടെ നിലവാരം നിലനിർത്താനും ഉൽപ്പാദനമേഖലകളെ മുന്നോട്ടു കൊണ്ടുപോകാനും മൂലധനമില്ല

എന്നതാണ് ഇന്ന് ഐ.എം.എഫ്/ലോകബാങ്ക് നിർദ്ദേശപ്രകാരം വിദേശകുത്തകകളെ വിളിച്ചുകൊണ്ടു വരുന്നതിനും സേവനച്ചെലവുകൾ ജനങ്ങളുടെ തലയിലേക്കു വെച്ചുകെട്ടുന്നതിനും ന്യായീകരണമായിപ്പറയുന്നത്. യഥാർത്ഥത്തിൽ കേരളത്തിൽ വിവിധ പൊതുമേഖലാ ബാങ്കുകളിലും സ്റ്റോക്ക് എക്സ്ചേഞ്ച് അടക്കമുള്ള സംവിധാനങ്ങളിലും ശേഖരിക്കപ്പെടുന്ന പണത്തിന്റെ വെറും മൂന്നിലൊന്നോ അതിനൽപ്പം മേലെയോ മാത്രമേ ഏതെങ്കിലുമർത്ഥത്തിൽ കേരളത്തിൽ ചെലവഴിക്കപ്പെടുന്നുള്ളൂ. ഭീമമായ നികുതി നഷ്ടത്തിനിടയാക്കും വിധം കേരളത്തിനകത്ത് പോണ്ടിച്ചേരിയുടെ ഒരു തുരുത്തായി മാഹി നിലനിൽക്കുന്നതിലൂടെ നികുതി വരുമാനത്തിലുണ്ടാകുന്ന ഭീമമായ നഷ്ടമെങ്കിലും പരിഹരിക്കാൻ കഴിയുംവിധം മാഹിയെ കേരളത്തിൽ ചേർക്കാൻ പോലും നാലുപതിററാണ്ടായിട്ടും കഴിഞ്ഞിട്ടില്ല. വിവിധ ചെക്ക്പോസ്റ്റുകളിൽ ഉദ്യോഗസ്ഥന്മാർക്ക് കൈക്കൂലി കൊടുത്ത് സാധനങ്ങൾ കടത്തിക്കൊണ്ടു വന്ന് നികുതി വരുമാനത്തിൽ ഭീമമായ നഷ്ടമുണ്ടാവുന്നത് ദിനംപ്രതി വർദ്ധമാനമാവുകയാണ്. കച്ചവടക്കാരുടെ സെയിൽസ് ടാക്സ് വെട്ടിപ്പും ദിനംപ്രതി കൂടുന്നു. ഈ നികുതിവെട്ടിപ്പ് മാത്രമൊഴിവാക്കിയാൽ ഇന്നത്തെ നികുതി ഘടനക്കകത്ത് തന്നെ പ്രതിവർഷം ആയിരക്കണക്കിനു കോടി രൂപ സമാഹരിക്കാനാവും. അക്കാര്യത്തിൽപ്പോലും ചെറുവിരലനക്കാൻ തയ്യാറാകാതെയും, അത്തരം കാര്യങ്ങളിൽ നിന്നു മുഖം തിരിച്ചും വരുമാനം പരിമിതമാകുന്നു എന്ന മുറവിളിയുയർത്തുന്നതിന്റെ ലക്ഷ്യങ്ങൾ വളരെ വ്യക്തമാണ്.

ഗൾഫിൽ നിന്നും ആറുലക്ഷത്തിലധികം വരുന്ന മലയാളികൾ പ്രതിവർഷം ഏററവും കുറഞ്ഞത് 3000 കോടി രൂപ കേരളത്തിലേക്കയക്കുന്നുണ്ട് എന്നും ഇത് വലിയൊരു വിഭവസാധ്യതയാണെന്നും ജനകീയാസൂത്രണത്തിന്റെ പ്രചാരകർ പറയുന്നുണ്ട്. എന്നാൽ ഈ പണം ഏതെങ്കിലും വിധത്തിൽ ഉൽപ്പാദനപരമായ മേഖലകളിൽ വിനിയോഗിക്കാനോ മൂലധനമാക്കി മാററാനോ യാതൊരു സംവിധാനവും ഇന്നില്ല. അതുകൊണ്ടുതന്നെ ബാങ്ക് നിക്ഷേപങ്ങളും ഓഹരിക്കമ്പോള നിക്ഷേപങ്ങളുമായി അതിലൊരു ഭാഗം മാറുന്നു. ബഹുരാഷ്ട്രകുത്തകകളുടെ ഇന്ത്യൻ സബ്സിഡിയറികളുടെയും വൻകിട കുത്തകകളുടെയും മൂലധനത്തിൽ അവ പൊതുവേ ലയിച്ചുചേരുകയും അവർക്ക് കൂടിയ ലാഭമുണ്ടാക്കാനുപകരിക്കുകയും ചെയ്യുക മാത്രമാണിന്ന് നടക്കുന്നത്. ആട്/തേക്ക്/മാഞ്ചിയം പോലുള്ള തട്ടിപ്പുകാരും കുറെ കൈക്കലാക്കുകയും ചെയ്യുന്നു. ഈ സാഹചര്യങ്ങൾ അടിസ്ഥാനപരമായി മാററുന്നതിനെക്കുറിച്ചൊന്നും മിണ്ടാതെ, ഗൾഫുകാരിൽ നിന്നും വാർഡുതലത്തിലുള്ള ആരോഗ്യ-വിദ്യാഭ്യാസ മേ

ഖലകളുടെ മെച്ചപ്പെടുത്തലിനും റോഡ്/തോട് നിർമ്മാണത്തിനും കുറച്ചു പണം സംഭാവന പിരിക്കാമെന്നാണ് നിർദ്ദേശം വെക്കുന്നത്. അതായതു് ആ മേഖലയിൽ സർക്കാരിൻെറ ചെലവുചുരുക്കാനായി കുറച്ചുപണം ഇവരിൽനിന്നും പിരിച്ചെടുക്കാമെന്നുമാത്രം. വിഭവസമാഹരണത്തെക്കുറിച്ചും മൂലധനം കണ്ടെത്തലിനെക്കുറിച്ചുമുള്ള പറച്ചിലുകളുടെ തനിനിറം ഇതാണ്.

ജനകീയാസൂത്രണത്തിൻെറ പൊള്ളത്തരം

മൂന്നാം ലോകരാജ്യങ്ങളിൽ ഐ.എം.എഫിൻെറ ഘടനാക്രമീകരണ പദ്ധതികൾ നടപ്പാക്കുന്നതിൻെറ ഭാഗമായി വിദ്യാഭ്യാസ-ആരോഗ്യ മേഖലകളടക്കമുള്ള എല്ലാ സേവന മേഖലകളെയും സർക്കാർ കൈയൊഴിയണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഇതു് സാധ്യമാക്കാനായി ഈ രാജ്യങ്ങളിലെല്ലാം ലോകബാങ്കിൻെറ കാർമ്മികത്വത്തിൽ പാർട്ടിസിപ്പേററി ഡവലപ്പ്മെൻറ് (പങ്കാളിത്ത വികസനം) എന്ന പേരിൽ സർക്കാർ സംവിധാനങ്ങളിലൂടെയും വോളൻററി സംഘടനകളിലൂടെയും ജനങ്ങളുടെ തലയിലേക്ക് ഈ ചുമതല സമർത്ഥമായി കെട്ടിവെക്കാൻ ശ്രമിക്കാറുമുണ്ട്. ഔപചാരിക വിദ്യാഭ്യാസം പരാജയമാണെന്നും പറഞ്ഞ് വിദ്യാഭ്യാസത്തിനുപകരം സാക്ഷരതയെ കൊണ്ടുവരികയും ഈ സാക്ഷരത തന്നെ നേടാൻ ഏററവും ഫലപ്രദമായ മാർഗ്ഗം ഗവൺമെൻേറതര സംഘടനകൾ സ്കൂളുകൾ പോലുള്ള സംവിധാനങ്ങളെ ഒഴിവാക്കി വല്ല മരത്തണലിലോ കടത്തിണ്ണകളിലോ വെച്ച് സാക്ഷരതാ പരിപാടി നടത്തുന്നതാണ് എന്നും മററുമുള്ള ലോകബാങ്കു സമീപനം ഇതിൻെറ ഏററവും മികച്ച ഒരുദാഹരണമാണ്. ഈ പങ്കാളിത്ത വികസനം നടപ്പാക്കിയ ലാററിനമേരിക്കയിലെയും ആഫ്രിക്കയിലെയും നിരവധി രാജ്യങ്ങളുടെ അനുഭവങ്ങൾ, ഇതു് ജനങ്ങൾ സമരം ചെയ്തു നേടിയെടുത്ത വിദ്യാഭ്യാസ/ആരോഗ്യ അവകാശങ്ങളും മററ് സാമൂഹ്യ ക്ഷേമപരിപാടികളും അട്ടിമറിക്കാനും സർക്കാരിൻെറ നികുതി വരുമാനം പൂർണ്ണമായും വിദേശക്കടത്തിനു പലിശ അടക്കാനും വിദേശ ഉൽപ്പന്നങ്ങൾ വാങ്ങാനായി മാററി വെപ്പിക്കുന്നതിനുമായി കൊണ്ടുവന്ന തട്ടിപ്പായിരുന്നുവെന്ന് തെളിയിച്ചു കഴിഞ്ഞിട്ടുമുണ്ട്. ആ രാജ്യങ്ങളുടെ അനുഭവങ്ങൾ ലോകബാങ്കിൻെറ പങ്കാളിത്ത വികസനം യാതൊരു വികസനവുമുണ്ടാക്കിയിട്ടില്ല, മറിച്ച് ഭീതിദമായ സാമ്പത്തിക-സാമൂഹ്യ സാംസ്കാരികത്തകർച്ചക്കാണ് വഴിവെച്ചതു് എന്ന് തെളിയിച്ചിട്ടുണ്ട് താനും. 1991 മുതൽ കല്യാശ്ശേരിയിൽ ഈ പങ്കാളിത്ത വികസനത്തിൻെറ പുതിയ മാതൃകകൾ സൃഷ്ടിക്കാനായി കേ

ന്ദ്രസർക്കാരിന്റെയും വിവിധ യു.എൻ (സാമ്രാജ്യത്വ) ഏജൻസികളുടെയും പണം പറ്റുന്ന വിവിധ സർക്കാർ വകുപ്പുകളും ഭീമമായ സർക്കാർ ഫണ്ടോടെ പ്രവർത്തിക്കുന്നതും ശാസ്ത്രസാഹിത്യ പരിഷത്ത് നേതാക്കന്മാർ രൂപം കൊടുത്തതുമായ ഐ.ആർ.ടി.സിയും ചേർന്ന് ഒരു പരീക്ഷണം നടത്തുകയുണ്ടായി. അതിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട കല്യാശ്ശേരി വികസന സൊസൈററിയുടെ ബൈലോ തന്നെ വ്യക്തമായിപ്പറയുന്നതു് ഇതിന്റെ ലക്ഷ്യം പങ്കാളിത്ത വികസനത്തിന്റെ പുതിയ മാതൃകകൾ സൃഷ്ടിക്കലാണെന്നതാണ്. അനാദായകരമെന്നു പറഞ്ഞ് സർക്കാർ/എയ്ഡഡ് സ്കൂളുകൾ പൂട്ടുകയും പകരം അൺ എയ്ഡഡ്/സെൽഫ് ഫൈനാൻസിങ്ങ് സ്കൂളുകൾ സ്ഥാപിക്കുകയെന്നതുമായിരുന്നല്ലോ വിദ്യാഭ്യാസമേഖലയെ കയ്യൊഴിയാൻ യു.ഡി.എഫ് സർക്കാർ കൊണ്ടുവന്ന പതിവുമട്ടിലുള്ള ലോകബാങ്ക് തന്ത്രം. ഇതേമട്ടിൽ ആരോഗ്യമേഖലയിൽ ഒ.പി ടിക്കററിനും ചികിത്സക്കും ഫീസുകൾ കൊണ്ടുവരാനും അവ പടിപടിയായി വർദ്ധിപ്പിച്ച് സർക്കാർ ചെലവുകൾ ഒഴിവാക്കുന്നതിനും പദ്ധതിയിട്ടു. ഈ തന്ത്രം അതിശക്തമായ ജനകീയ എതിർപ്പിന് ഇരയാക്കപ്പെടുകയും ചെയ്തു. ഈയൊരു സാഹചര്യമാണ് ഈ ലക്ഷ്യങ്ങൾ നേടാൻ പുതിയ മാതൃകകൾ ആവശ്യമാക്കിയതെന്നു തോന്നുന്നു. സർക്കാരിന്റെ കൈയിൽ വർദ്ധിച്ചുവരുന്ന ആരോഗ്യ/വിദ്യാഭ്യാസച്ചെലവുകൾ നിവൃത്തിക്കാൻ പണമുണ്ടാകില്ല എന്നു പറഞ്ഞുകൊണ്ട്, വിദ്യാഭ്യാസവും ആരോഗ്യവും നന്നാക്കുന്നതിന്റെ പേരിൽ ജനങ്ങളുടെ തലയിലേക്ക് പടിപടിയായി ഈ ചെലവുകൾ വെച്ചുകെട്ടാനാണ് ഇന്നത്തെ പരിപാടി. റോഡ്/തോട് നിർമ്മാണത്തിനും കുടിവെള്ള ലഭ്യതക്കായി കുളങ്ങളും കിണറുകളുമുണ്ടാക്കാനുമെല്ലാം ഇതേമട്ടിൽ സർക്കാർ ചെലവുകൾ ഒഴിവാക്കാനും അതും ജനങ്ങളുടെ മേൽ കെട്ടിയേൽപ്പിക്കാനും ഇതുവഴി കഴിയുമെന്നും കണക്കാക്കിയിട്ടുണ്ട്. ഇതിനനുസരിച്ചാണ് ഇന്നു് അധികാര വികേന്ദ്രീകരണത്തിന്റെ മറവിൽ ഈ പുതിയ തന്ത്രങ്ങൾ നടപ്പാക്കാൻ ശ്രമിക്കുന്നതു്. പഞ്ചായത്തുകൾക്ക് ചെറിയൊരു തുക നൽകിയശേഷം പഞ്ചായത്തിനു കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും നടത്തുന്നതിന്റെ ഉത്തരവാദിത്തവും മററു ക്ഷേമപ്രവർത്തനങ്ങളുടെ ഉത്തരവാദിത്തവും അവക്ക് ഏൽപ്പിച്ചുകൊടുക്കാനാണുദ്ദേശം. സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസം, സൗജന്യ ആരോഗ്യ ചികിത്സ, മററു ക്ഷേമപ്രവർത്തനങ്ങൾ എന്നീ സർക്കാരിന്റെ ഭരണഘടനാപരമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിനു വേണ്ട ചിലവിലൊരു ഭാഗം മാത്രം സർക്കാർ നൽകുകയും ബാക്കി ഏതെങ്കിലും വിധത്തിൽ പഞ്ചായത്തുണ്ടാക്കിക്കൊള്ളണമെന്ന് വരുത്തുകയുമാണ് ഇതിന്റെ

ആദ്യപടി. അടുത്തതായി പടിപടിയായി സർക്കാർ വിഹിതം കുറച്ചുകുറച്ചുകൊണ്ടുവരികയും പഞ്ചായത്തിന്റെ വിഹിതം അടിക്കടി വർദ്ധിപ്പിക്കുകയുമാകാം. ഇങ്ങനെ ഇവയെ പൂർണ്ണമായും കൈയൊഴിയുകയെന്ന ലക്ഷ്യം ഒരു നിശ്ചിതകാലത്തിനുള്ളിൽ നേടുകയുമാകാം. ഈ ലക്ഷ്യങ്ങൾ ഇപ്പോൾത്തന്നെ പുറത്തുവന്നു കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലെ ജനകീയാസൂത്രണത്തെക്കുറിച്ച് മാർഗ്ഗനിർദ്ദേശം നൽകിക്കൊണ്ട് സി. പി. നാരായണൻ ഇതു് ഈ വിധം വ്യക്തമാക്കുന്നു: ''രണ്ട്, വിവിധ തലങ്ങളിലുള്ള വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനും അധ്യയന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി രക്ഷിതാക്കളിൽ നിന്നോ ജനങ്ങളിൽ നിന്നു പൊതുവിലോ അവരുടെ സാമ്പത്തിക കഴിവിന്റെ അടിസ്ഥാനത്തിൽ വർഷം തോറും ഒരു സംഖ്യ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പിരിക്കുന്ന കാര്യം പരിഗണിക്കണം'' (ചിന്ത ജന്മദിനപ്പതിപ്പ് 1996). ആരോഗ്യരംഗത്തെ ജനകീയാസൂത്രണത്തിനുള്ള സമീപനം മുന്നോട്ടുവെക്കുന്ന ഡോ: ബി. ഇക്ബാൽ പറയുന്നതിതാണ്: ''ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതി ഒരു സർവ്വേയിലൂടെ കണക്കാക്കി ജനങ്ങളെ വിവിധ വിഭാഗങ്ങളായി തിരിച്ച് തിരിച്ചറിയൽ കാർഡുകൾ നൽകണം. ഇതിന്റെ അടിസ്ഥാനത്തിൽ അർഹിക്കുന്നവർക്കു മാത്രം സൗജന്യ ചികിത്സ നൽകുകയും മററുള്ളവരിൽ നിന്നും അവരുടെ സാധ്യതക്കനുസരിച്ച് ഉപയോഗച്ചെലവുകൾ ഈടാക്കുകയും വേണം. ഇതിനുള്ള സംവിധാനം വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിററികൾ, കോർപ്പറേഷനുകൾ എന്നിവ വഴി നടത്തണം'' (ചിന്ത ജന്മദിനപ്പതിപ്പ്). വൈദ്യുതമേഖലയെക്കുറിച്ചുള്ള സമീപനം വി. പി. ഉണ്ണികൃഷ്ണൻ പറയുന്നതു നോക്കുക: ''സമഗ്രമായ താരിഫ് പരിഷ്കരണത്തിനുകൂടി ലക്ഷ്യമിടണം....ഭൂരിപക്ഷം ഉപഭോക്താക്കൾക്കും ഉൽപ്പാദനച്ചെലവും നടത്തിപ്പുച്ചെലവും പൂർണ്ണമായി നൽകേണ്ടിവരും.... കാർഷികമേഖലയിലെ ദരിദ്ര ഉപഭോക്താക്കൾക്ക് ഇളവുകളാകാം''. അതായതു് കാർഷിക മേഖലക്കുപോലും വൈദ്യുതി നിരക്കിൽ സബ്സിഡി ഉണ്ടാകാൻ പാടില്ല. നിരക്കുകൾ കുത്തനെ ഉയർത്തുകയും വേണം. ഇന്നു് ഓരോ മേഖലയിലും ലോകബാങ്ക് മുന്നോട്ടുവെക്കുന്ന ലക്ഷ്യങ്ങൾക്കനുസൃതമാണ് ഓരോ മേഖലയിലും ജനകീയാസൂത്രണത്തിന്റെ സമീപനങ്ങളെന്നു് വ്യക്തമാക്കാൻ ഇതിൽ കൂടുതൽ തെളിവുകൾ നിരത്തേണ്ടതില്ലല്ലോ.

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട മറെറാരു പ്രഖ്യാപനം ഇതേവരെ വികസനം ലക്ഷ്യം നേടാതിരുന്നതിനു കാരണം ഉദ്യോഗസ്ഥമേധാവികളിലൂടെ അതു് മേലെനിന്നു് നടപ്പാക്കിയതാണെന്നും ഈ നില

മാററലാണ് ജനകീയാസൂത്രണത്തിൻെറ ലക്ഷ്യമെന്നുമാണ്. ഇന്ന് അഴിമതി സമൂഹത്തിലാകെ വ്യാപകമാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലത്ത് നരസിംഹറാവു സർക്കാരിലെ റാവുവടക്കമുള്ള മന്ത്രിമാർ വിവിധ കുംഭകോണങ്ങളിലൂടെ 50000ത്തിലേറെ കോടി തട്ടിയെടുത്തുവെന്നു പറയപ്പെടുന്നു. കേന്ദ്ര തലത്തിൽ ഈ അഴിമതിക്കൊപ്പം സംസ്ഥാന സർക്കാർ തലത്തിലും വിവിധ സർക്കാർ ഡിപ്പാർട്ടുമെൻറുകളിലും അഴിമതി അനുദിനം വർദ്ധമാനമാവുകയാണ്. ഈ കൊടിയ അഴിമതിയുടെയും കൈക്കൂലിയുടെയും കാര്യത്തിലും, ഇവ നേടാനായി ജനങ്ങൾക്കെതിരെ ഉദ്യോഗസ്ഥമേധാവിത്തം വച്ചുപുലർത്തുന്ന സമീപനത്തിൻെറ കാര്യത്തിലും ജനകീയാസൂത്രകർക്കൊന്നും പറയാനില്ല. ഈ അഴിമതിയിലൂടെയും കുംഭകോണങ്ങളിലൂടെയും രാജ്യസമ്പത്ത് കൊള്ളയടിക്കുന്നതിനെതിരെ ഒരു ജനകീയ മുന്നേററം സംഘടിപ്പിക്കുന്നതിനെക്കുറിച്ച് യാതൊന്നും പറയുന്നില്ല. ഫലത്തിൽ ഇത്തരം കാതലായ പ്രശ്നങ്ങളിൽ നിന്നു ജനശ്രദ്ധ തിരിക്കുന്നതിനു കൂടിയാണ് ഓരോ വാർഡിലെയും വിഭവങ്ങളെന്തെന്നു കണ്ടെത്തുന്നതിലും അവ ജനകീയാഭിലാഷത്തിനനുസരിച്ച് വിനിയോഗിക്കുന്നതിലും ജനങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും മററുമുള്ള പറച്ചിൽ.

ഓരോ ഗ്രാമത്തിലെയും വിഭവങ്ങൾ, കണ്ടെത്തിക്കൊണ്ടും ഉപയോഗിച്ചുകൊണ്ടും, ജനകീയാഭിലാഷങ്ങൾക്കനുസരിച്ച് വികസനമെന്നൊക്കെ പറയുന്നത് ആകർഷകങ്ങളായ പദപ്രയോഗമെന്നതിനപ്പുറം ഇന്നത്തെ ലോകസാഹചര്യത്തിൽ ഒട്ടുംതന്നെ പ്രായോഗികമല്ല. ഇന്നത്തെ ആധുനിക സമൂഹത്തിൽ അതു സാധ്യമേയല്ല. ജനങ്ങളുടെ ഇന്നത്തെ നാനാതരം ആവശ്യങ്ങൾക്കനുസരിച്ചുള്ള ഓരോ സാമഗ്രികളും ഒരു ഗ്രാമത്തിനകത്തുതന്നെ സൃഷ്ടിച്ചെടുക്കുക സാധ്യമേയല്ല. അതാശാസ്യവുമല്ല എന്നതാണു യാഥാർത്ഥ്യം. രാജ്യമെന്ന നിലക്കുള്ള സ്വാശ്രയത്വവും സ്വയം പര്യാപ്തതയും മുദ്രാവാക്യങ്ങളെന്ന നിലയിൽപ്പോലും ഉപേക്ഷിച്ച് ആഗോളവൽക്കരണമെന്ന പേരിൽ എല്ലാ നിയന്ത്രണങ്ങളുമെടുത്തുകളഞ്ഞ് ബഹുരാഷ്ട്രക്കുത്തകകൾക്കായി രാജ്യത്തെ മലർക്കെ തുറന്നിടുന്ന രാഷ്ട്രീയ സാമ്പത്തിക നയങ്ങൾ നടപ്പാക്കുന്ന ഇന്ന് അത്തരമൊരു പൊതുവികസന നയത്തിനകത്ത് ഇത്തരം പ്രഖ്യാപനങ്ങൾ നടത്തുന്നത് തികച്ചും പരിഹാസ്യം മാത്രമാണ്. ഇന്നേവരെ പദ്ധതികൾ നടത്തിയിട്ട് ഗുണമുണ്ടാകാതിരുന്നത് അത് ജനകീയാഭിലാഷങ്ങൾ ആരാഞ്ഞായിരുന്നില്ല നടപ്പാക്കിയത് എന്നതിനാലാണ് എന്നതാണ് മറെറാരു കണ്ടുപിടുത്തം. മുൻ പദ്ധതികൾ മഹാ ഭൂരിപക്ഷത്തെ പിഴിഞ്ഞൂററുകയും ഒരു ചെറു ന്യൂനപക്ഷത്തെ വളർത്തുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെയായിരുന്നു നട

പ്പാക്കിയതെന്നും അതാണവ ജനങ്ങൾക്ക് ഗുണമുണ്ടാക്കാത്തതെന്നുമുള്ള വിമർശനത്തിൽ നിന്നും ഇതു് അന്നത്തെ ഭരണവർഗ്ഗങ്ങളെ രക്ഷിക്കാൻ കൂടിയാണ്. ജനങ്ങളുടെ പ്രാഥമികാവശ്യങ്ങൾ ഭക്ഷണം, വസ്ത്രം, പാർപ്പിടം, തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യ ചികിത്സ എന്നിവയൊക്കെയാണെന്ന് അറിയാൻ ജനങ്ങളെ വിളിച്ചുകൂട്ടി ചോദിക്കേണ്ടതൊന്നുമില്ല. ആ ആവശ്യങ്ങൾ നിവൃത്തിക്കാൻ പര്യാപ്തമായ നയ പരിപാടികൾ ആവിഷ്ക്കരിക്കാൻ തയ്യാറുണ്ടോ എന്നതാണ പ്രശ്നം. ഈ പ്രാഥമികാവശ്യങ്ങൾ ജനങ്ങൾക്ക് കൂടുതൽ കൂടുതലായി നിഷേധിക്കുന്ന നയങ്ങൾക്ക് മറയിടാൻ ജനങ്ങളെ വിളിച്ചുകൂട്ടി അവരുടെ അഭിലാഷങ്ങൾക്കനുസരിച്ച് പദ്ധതി തയ്യാറാക്കുന്നു എന്നൊക്കെ വിളിച്ചുകൂവുകയാണിന്ന് ചെയ്യുന്നത്.

സ്വാശ്രയപ്രസ്ഥാനം എവിടെ?

ഇന്നീ ജനകീയാസൂത്രണത്തിനു ചുക്കാൻ പിടിക്കുന്നവർ റാവു-മൻമോഹൻ ബജററിനു ബദലായി 1991ൽ പശ്ചിമബംഗാൾ സർക്കാർ മുന്നോട്ടുവച്ച ബദൽ ബജററിനെ കേന്ദ്രീകരിച്ച് ഒരു സ്വാശ്രയ പ്രസ്ഥാനത്തിനു രൂപം നൽകിയിട്ട് ഏറെക്കാലമൊന്നും കഴിഞ്ഞിട്ടില്ല. പണമില്ല എന്നുപറഞ്ഞ് ഐ എം എഫ് വായ്പക്കു കൈ നീട്ടിയതിനെയും ആ വായ്പ കിട്ടാൻ രാജ്യദ്രോഹകരമായ ഉദാരവൽക്കരണ-ആഗോളവൽക്കരണ നയങ്ങൾ നടപ്പാക്കാൻ തുടങ്ങിയതിനെയും അതിരൂക്ഷമായി എതിർത്തുകൊണ്ട് ആ പ്രസ്ഥാനക്കാർ പറഞ്ഞത് കള്ളപ്പണം പിടിച്ചെടുത്തും പ്രത്യക്ഷ നികുതികളീടാക്കിയും വിഭവസമാഹരണം നടത്താമെന്നാണ്. തന്ത്രപ്രധാനമായ ടെലകോം-വൈദ്യുതി-ബാങ്കിംഗ്-ഇൻഷുറൻസ് മേഖലകളിൽ വിദേശക്കുത്തകകളെ കടത്തുന്നത് രാജ്യദ്രോഹ നയമാണെന്നാണ്. ആ പ്രസ്ഥാനം ഇന്നും പിരിച്ചുവിട്ടിട്ടില്ല. അതിന്റെ നേതാക്കൾതന്നെ ഇന്നീ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെയും നേതാക്കളായി വേഷംമാറി വരുമ്പോൾ അവരോട് ചില ചോദ്യങ്ങൾ നാം ചോദിക്കേണ്ടതുണ്ട്. ആ പ്രസ്ഥാനം അതിന്റെ ലക്ഷ്യം നേടിയ സാഹചര്യത്തിലാണോ നിങ്ങൾ ജനകീയാസൂത്രണ പ്രസ്ഥാനവുമായി കടന്നുവന്നിരിക്കുന്നത്? അന്നു പറഞ്ഞ നിലപാടുകൾ പാടെ കയ്യൊഴിഞ്ഞ്, അന്ന് രാജ്യദ്രോഹകരമെന്നു പറഞ്ഞ അതേ നയങ്ങൾ നടപ്പാക്കാൻ ആളെ കൂട്ടുന്നത് എത്രമാത്രം ശരിയാണ്? കേന്ദ്രത്തിലും കേരളത്തിലും ഭരണം കൈവന്നതോടെ സ്വാശ്രയ പ്രസ്ഥാനത്തെക്കുറിച്ചെല്ലാം പാടെ മറന്നുപോയ ഇക്കൂട്ടർ ഈ ചോദ്യങ്ങൾക്കു മറുപടി നൽകിയേക്കില്ല.

സി പി ഐ (എം) ന്റെ നിലപാടുകൾ

ഈ ജനകീയാസൂത്രണ പരിപാടിക്കു ചുക്കാൻ പിടിക്കുന്ന സി. പി. ഐ (എം) ന്റെ മുൻ നിലപാടുകളും ഇന്നതെത്തിച്ചേർന്നിരിക്കുന്ന സ്ഥിതിയും നാം പരിശോധിക്കേണ്ടിയിരിക്കുന്നു. 1964ൽ കോൺഗ്രസിന് പുരോഗമന സ്വഭാവമുണ്ടെന്നും അതുമായി സഹകരിച്ചുകൊണ്ടാണ് ജനാധിപത്യ വിപ്ലവ ലക്ഷ്യങ്ങൾ മുന്നോട്ടുകൊണ്ടു പോകാനാവുകയെന്നും സിദ്ധാന്തിച്ച വലതു നേതാക്കളോട് തെററിപ്പിരിഞ്ഞാണല്ലോ സി പി ഐ (എം) രൂപീകരിച്ചത്. ഈ നയം വർഗ്ഗസമരത്തെ കൈയൊഴിയുന്ന ഒന്നാണെന്നു ചൂണ്ടിക്കാട്ടിയ അവർ അന്നു വിളിച്ച മുദ്രാവാക്യം 'വെളുട വലതാ ചെങ്കൊടി താഴെ' എന്നായിരുന്നു. വർഗ്ഗ സഹകരണ വാദത്തിനെതിരെ വർഗ്ഗസമരത്തിന്റെ കൊടിക്കൂറ ഉയർത്തിപ്പിടിക്കുന്നതാണ് സ്വന്തം പാർട്ടി രൂപീകരണത്തിന്റെ തന്നെ ആധാര ശിലയെന്ന് ഇന്നുമവർ പ്രഖ്യാപിക്കാറുണ്ട്; പഴയ പിളർപ്പിനെ അനുസ്മരിക്കുമ്പോൾ. സി പി ഐ (എം) ന്റെ സമുന്നത നേതാവായ ഇ. എം. എസ്. ഇതിനനുസൃതമായി ഇന്നലെവരെ പറഞ്ഞിരുന്നത്, തങ്ങൾ നേതൃത്വം നൽകുന്ന മുന്നണി തൊഴിലാളി-കർഷകാദി അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ താൽപ്പര്യങ്ങൾക്കു വേണ്ടി നിലകൊള്ളുന്നുവെന്നും കോൺഗ്രസ് നേതൃത്വം നൽകുന്ന മുന്നണി ബൂർഷ്വാ ഭൂപ്രഭു പിന്തിരിപ്പൻ വർഗ്ഗങ്ങളുടെ താൽപ്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നുവെന്നും അവ തമ്മിൽ നടക്കുന്ന സമരം വർഗ്ഗസമരമാണെന്നുമാണ്. പക്ഷേ ഇന്ന് പൊടുന്നനെ കണ്ടെത്തിയിരിക്കുന്നത് രണ്ടു മുന്നണികളും മത്സരിച്ചതാണ് വികസനം തകരാൻ കാരണമെന്നും സഹകരിച്ചാൽ വികസനത്തിന്റെ മഹാത്ഭുതങ്ങൾ നടക്കുമെന്നുമാണ്. ജനകീയാസൂത്രണത്തെയും ഭൂപരിഷ്ക്കരണത്തെയും താരതമ്യപ്പെടുത്തിക്കൊണ്ട് അദ്ദേഹം ഈയിടെ പറഞ്ഞത്. ഭൂപരിഷ്ക്കരണം ഭൂവുടമകളുടെ ഭൂമി പിടിച്ചെടുത്ത് പാട്ട കുടിയാന്മാർക്കു നൽകാനായിരുന്നുവെങ്കിൽ ജനകീയാസൂത്രണം ഭൂവുടമകളുടെയടക്കം വികസനത്തിനുവേണ്ടിയാണെന്നാണ്. അതായത് പരസ്പരവിരുദ്ധമായ താൽപ്പര്യങ്ങളുള്ള വിരുദ്ധ വർഗ്ഗങ്ങൾക്കെല്ലാം ഒരേപോലെ വികസനമുണ്ടാകുമത്രേ! വർഗ്ഗസമരമെന്ന വാക്കുപോലും ചതുർത്ഥിയായിക്കഴിഞ്ഞിരിക്കുന്നു ഇന്ന് സി പി ഐ (എം) ന്.

വർഗ്ഗ സഹകരണമെന്ന നിലപാടെടുക്കുന്ന ശക്തികൾ എന്നും യഥാർത്ഥിൽ അധീശവർഗ്ഗങ്ങളുടെ താൽപ്പര്യങ്ങൾക്കുവേണ്ടിയായിരുന്നുവല്ലോ നിലകൊണ്ടിരുന്നത്. അതേമട്ടിൽ ഇന്ന് സി പി ഐ (എം) ഉം കേരളത്തിലെ അധീശവർഗ്ഗങ്ങളെ പ്രീണിപ്പിക്കാനാണ് ശ്രമിക്കുന്നത്.

അവരുടെ വർഗ്ഗ താൽപ്പര്യങ്ങളെയാണ് സേവിക്കുന്നത്. ജനകീയാസൂത്രണത്തിന്റെ രാഷ്ട്രീയ സാഹചര്യം വിശദീകരിച്ചുകൊണ്ട് ഇ. എം. എസ് തന്നെ അതു തുറന്നുപറയുകയുമുണ്ടായി. അദ്ദേഹം പറയുന്നു: ''ഒന്നാം പൊതു തെരഞ്ഞെടുപ്പുതൊട്ട് കമ്യൂണിസ്റ്റു വിരുദ്ധ മുന്നണിക്ക് താങ്ങും തണലുമായി നിന്നിരുന്ന കത്തോലിക്കാ സഭയും മററു ക്രിസ്ത്യൻ സഭകളും ഏറിയോ കുറഞ്ഞോ വിമോചന ദൈവശാസ്ത്രത്തിന്റെ സ്വാധീനത്തിനു വിധേയമായിക്കഴിഞ്ഞിരിക്കുന്നു! നല്ല ക്രിസ്ത്യാനിയായി നിന്നുകൊണ്ടുതന്നെ കമ്യൂണിസ്റ്റുകാരുമായി ആശയവിനിമയം നടത്തുകയും പ്രായോഗികരംഗത്ത് സഹകരിക്കുകയും ചെയ്യാമെന്ന നിഗമനത്തിലേക്ക് ക്രിസ്ത്യൻ സമുദായം അധികമധികം നീങ്ങിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ മുന്നോക്ക-പിന്നോക്ക ജാതികളുടെ പ്രമാണിമാരും കമ്യൂണിസ്ററുകാരടക്കമുള്ള ഇടതുപക്ഷക്കാരുമായി സഹകരണമെന്ന നിലയിലേക്ക് നീങ്ങിത്തുടങ്ങിയിട്ടുണ്ട്. 10-ാം നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ നായർ സമുദായ നേതാക്കളും ഈഴവ നേതാക്കളിലൊരു വിഭാഗവും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് നൽകിയ സഹായം ശ്രദ്ധേയമാണ്''. (ദേശാഭിമാനി സെപ്തംബർ 17)

ഇവിടെ ഇ. എം. എസ് പറയുന്നതുപോലെ ആഗോള സാമ്രാജ്യത്വ താൽപ്പര്യങ്ങൾക്കനുസരിച്ച് മാത്രം എന്നും നിലപാടെടുക്കുന്ന കത്തോലിക്കാ സഭയോ നായർ-ഈഴവ പ്രമാണിമാരോ സ്വന്തം വർഗ്ഗ ലക്ഷ്യം കൈയൊഴിഞ്ഞ് കമ്യൂണിസ്റ്റുകാരാവുകയില്ല, മറിച്ച് അവരുടെ വർഗ്ഗതാല്പര്യങ്ങൾക്കൊത്ത് എല്ലാ കമ്യൂണിസ്റ്റു നിലപാടുകളും സി. പി. ഐ. (എം) കൈയൊഴിയുകയാണുണ്ടായതെന്നതാണ് വസ്തുത. ഇന്ന് സി. പി. ഐ (എം) ഉം കൂട്ടാളികളും നടപ്പാക്കുന്ന ഈ വികസനത്തിന്റെ വർഗ്ഗലക്ഷ്യം ഏററവും നന്നായി പ്രതിഫലിപ്പിക്കുന്നതാണ് ആദിവാസി ഭൂനിയമ ഭേദഗതി. സമൂഹത്തിലെ അവശന്മാരിൽ അവശരും ഏററവും അടിത്തട്ടിൽക്കിടക്കുന്നവരുമായ ആദിവാസികൾക്കാണല്ലോ ഇന്ന് വികസനം ഏററവും ആവശ്യമായിട്ടുള്ളത്. എന്നാലാ ജനവിഭാഗങ്ങൾക്ക് എന്നെങ്കിലും ഉയർന്നുവരാനുള്ള എല്ലാ പഴുതുകളും എന്നേക്കുമായി അടച്ചുകൊണ്ട് അവരുടെ അന്യാധീനപ്പെട്ട ഭൂമി എന്നേക്കുമായി നഷ്ടപ്പെടുത്താനും കൈയേററക്കാർക്കും ഇന്നു ഭൂമിയിൽ താമസിക്കുന്ന കൈവശ കൃഷിക്കാർക്കും സ്ഥിരാവകാശം നൽകാനുമാണ് സർക്കാർ ഭേദഗതി കൊണ്ടുവന്നത്. ഇതിനായി കോടതി വിധികളെയും ഭരണഘടനയെത്തന്നെയും കാററിൽപ്പറത്താനും അവർക്കു മടിയുണ്ടായില്ല. ആസൂത്രണത്തിനും വികസനത്തിലും ജനലക്ഷങ്ങളെ പങ്കെടുപ്പിക്കുന്ന ഒന്നാം ഘട്ടമായ ഗ്രാമസഭകൾ ആഘോഷമായി നടക്കുമ്പോൾത്തന്നെയാണ് ഈ നടപടിയും ഉണ്ടായതെന്നതു് ശ്രദ്ധേയമാണ്.

മാർക്സിസ്റ്റു സമീപനങ്ങളെ പടിപടിയായി കൈയൊഴിച്ചുകൊണ്ട് വർഗ്ഗ സഹകരണ പാതയിൽ കൂടുതൽ കൂടുതലായി മുന്നേറുന്നതിന്റെ ഭാഗമായി സി. പി. ഐ (എം) സമീപകാലത്ത് ഗോർബച്ചേവിന്റെ ഗ്ലാസ്നോസ്റ്റിനു പിന്തുണ നൽകുകയുണ്ടായി. നഗ്നമായ മുതലാളിത്ത വൽക്കരണ നയങ്ങളായ ഗ്ലാസ്നോസ്തിനെയും പെരിസ്ട്രോയിക്കയെയും സോഷ്യലിസത്തിൽ നിന്നു കമ്യൂണിസത്തിലേക്കു മുന്നേറാനുള്ള നടപടിയായിട്ടാണ് അന്ന് ഇ. എം. എസ് തന്നെ വിശേഷിപ്പിച്ചത്. തുടർന്ന് യാനായേവ് ഗോർബച്ചേവിനെ അട്ടിമറിച്ചപ്പോൾ അതിനും സി. പി. ഐ (എം) പിന്തുണ കൊടുത്തു. ഇന്നിപ്പോൾ ചൈനയിൽ ഡെങ്ങ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വികൃതമായ മുതലാളിത്ത നയങ്ങളെ സോഷ്യലിസത്തിന്റെ പ്രതിസന്ധി പരിഹരിക്കാനുള്ള ശ്രമങ്ങളെന്നു സി. പി. ഐ (എം) വിശേഷിപ്പിക്കുന്നുണ്ട്. മുതലാളിത്ത-സാമ്രാജ്യത്വ നയങ്ങൾക്ക് ഈ വിധം കമ്യൂണിസത്തിന്റെ മനോഹരമായ ഒരു മേലങ്കി ചാർത്തുകയെന്ന പതിവു പരിപാടിക്കനുസരിച്ചാണ് സോവിയററ് യൂണിയനിലും മററും ആസൂത്രണത്തിലുണ്ടായ പിഴവുകൾ പരിഹരിക്കാനുള്ള ശ്രമം കൂടിയാണ് ഇന്നത്തെ ജനകീയാസൂത്രണ പദ്ധതിയെന്നും മററും പറയുന്നത്. ഐ എം എഫ്—ലോകബാങ്ക് നയങ്ങൾ ഏററവും ഭംഗിയായി അടിച്ചേൽപ്പിക്കാനായി അത്തരം പദ്ധതികൾക്കുമേൽ ഇത്തരമൊരു മേലങ്കിയിടാനുള്ള ഈ ശ്രമത്തെ തുറന്നുകാട്ടേണ്ടതു് പുരോഗമന ശക്തികളുടെ കടമയാണ്.

കാർഷിക-വ്യാവസായിക മേഖലയിൽ ഉൽപ്പാദന വർദ്ധനവില്ലാതിരിക്കുകയും എന്നാൽ സേവന മേഖലകളിൽ വൻ നേട്ടം നേടുകയും ചെയ്യുന്നതാണ് കേരളാ മോഡലെന്നും ഉൽപ്പാദന മേഖലകളിലെ മുരടിപ്പ് സേവനമേഖലകളിലെ നേട്ടം നിലനിർത്തുന്നതിനുപോലും തടസ്സമാകുന്നതാണതിന്റെ ഇന്നത്തെ പ്രതിസന്ധിയെന്നും, പ്രതിസന്ധി പരിഹരിക്കലാണ് ഈ പദ്ധതിയുടെ ലക്ഷ്യമെന്നും ഇതിന്റെ വക്താക്കൾ പറയുന്നുണ്ട്. ഈ പ്രതിസന്ധി പരിഹരിക്കാനാണ് ലോകബാങ്കും ഇന്ന് ലക്ഷ്യം വെക്കുന്നതു്. ഉദാരവൽക്കരണത്തിലൂടെ വിദ്യാഭ്യാസ ആരോഗ്യ ചുമതലകളടക്കമുള്ള സേവന മേഖലകളെ കൈയൊഴിഞ്ഞു് അതിനെയും കാർഷിക-വ്യാവസായിക മേഖലയെപ്പോലെതന്നെ പുത്തൻ കൊളോണിയൽ കൊള്ളക്കനുസൃതമായി മാററിത്തീർക്കുക അഥവാ പുന:ക്രമീകരിക്കുകയായിരുന്നു ഘടനാക്രമീകരണങ്ങളുടെ പേരിൽ ഐ.എം.എഫും ലോകബാങ്കും മുന്നോട്ടുവെച്ച ലക്ഷ്യം. കാർഷിക വ്യാവസായിക മേഖയിൽ അടിസ്ഥാനപരമായ യാതൊരു മുന്നേററവും ഇന്നത്തെ ആഗോളവൽക്കരണ/ഉദാരവൽക്കരണ നയത്തിനകത്തു നിന്നുകൊണ്ട് നേടുക സാധ്യമല്ലായെന്ന്

നേരത്തെതന്നെ വിശദമാക്കിയതാണല്ലോ. ലോകബാങ്ക് കൽപ്പിച്ചിരിക്കുന്ന രീതിയിൽ സേവനമേഖലകളുടെ പൊളിച്ചെഴുത്ത്, അതിലുള്ള സർക്കാർ ബാധ്യതകരം കൈയൊഴിക്കൽ, ജനകീയാസൂത്രണമെന്നും വികസനമെന്നും, അധികാരവികേന്ദ്രീകരണമെന്നുമുള്ള പ്രചരണഘോഷങ്ങൾക്കിടയിലൂടെ നേടിയെടുക്കുക മാത്രമാണ് ഇന്ന് യഥാർത്ഥത്തിൽ ഉന്നംവെക്കപ്പെടുന്നത്. അതായത് 'കേരളാ മോഡലിന്റെ പ്രതിസന്ധി'യെ ഉൽപ്പാദന മേഖലകളെ വികസിപ്പിച്ച പരിഹരിക്കുന്നുവെന്ന മറവിൽ, സേവനമേഖലയെ കൈയൊഴിഞ്ഞുകൊണ്ടു പരിഹരിക്കുകയെന്ന ലോകബാങ്ക് പദ്ധതി തന്നെയാണിവിടെ നടപ്പാക്കാൻ ലക്ഷ്യംവെക്കുന്നത്.

ഉപസംഹാരം

വികസനത്തെക്കുറിച്ച് നായനാർ സർക്കാരിന്റെ സമീപനങ്ങളും യു. ഡി. എഫ് സർക്കാരിന്റെ സമീപനങ്ങളും തമ്മിൽ തൊലിപ്പുറമേ പോലും എന്തെങ്കിലും മാററമില്ലെന്ന് കടന്നുപോകുന്ന ഓരോ ദിനവും വ്യക്തമാക്കിക്കൊണ്ടിരിക്കുകയാണ്. യു. ഡി. എഫ് സർക്കാരെന്നപോലെ നായനാർ സർക്കാരും ടൂറിസ വികസനത്തിനാണ് ഊന്നൽ നൽകുന്നത്. തായ്ലണ്ട്, തായ്വാൻ, ഫിലിപ്പീൻസ് തുടങ്ങിയ രാജ്യങ്ങളിൽ വമ്പിച്ച സാമൂഹ്യ സാംസ്ക്കാരികത്തകർച്ചക്ക് വഴിവെച്ച വിനോദ ടൂറിസം എയ്ഡ്സിന്റെ ഭീകരമായ വ്യാപനം, വർദ്ധമാനമാകുന്ന ബാലവേശ്യാവൃത്തിയോട് ജനങ്ങൾക്കുള്ള കടുത്ത എതിർപ്പ് എന്നിവമൂലം പ്രശ്നങ്ങളെ നേരിട്ടു തുടങ്ങിയപ്പോഴാണ് കേരളത്തിനു പററിയ വികസന മാർഗ്ഗമായി അതു് ലോകബാങ്ക് നിർദ്ദേശിച്ചത്. ഇതിനനുസരിച്ച് കേരളത്തിലെ കടലോരത്തെ മുഴവൻ ഒരു ബീച്ച് ശൃംഖലയാക്കി വികസിപ്പിക്കാനും ബേക്കൽ, ചെറായി, ആലപ്പുഴ തുടങ്ങിയ കേന്ദ്രങ്ങൾ മെഗാ ടൂറിസം സെൻററായി വികസിപ്പിക്കാനും നടന്ന ശ്രമങ്ങൾക്ക് ഈ സർക്കാർ ഒന്നുകൂടി ആക്കം കൂട്ടിയിരിക്കുന്നു. തൊഴിലില്ലായ്മാവേതനത്തിൽ നാമമാത്രമായ 10 രൂപ മാത്രം വർദ്ധനവു വരുത്തിയ സ്ഥാനത്തു് ബേക്കൽ ടൂറിസം പദ്ധതിക്കുള്ള നീക്കിവെപ്പ് ആൻറണിയുടെ ബഡ്ജററിലെ 18 കോടിയിൽ നിന്ന് 30 കോടിയായി വർദ്ധിപ്പിച്ചതിൽത്തന്നെ അതു വ്യക്തമാണ്. ഗോവയിലും മററും ഏററവും കടുത്ത സാംസ്കാരിക സാമൂഹ്യത്തകർച്ചകൾ (വേശ്യാവൃത്തിയുടേയും മയക്കുമരുന്നിന്റേയും കൂട്ടിക്കൊടുപ്പു സംസ്ക്കാരത്തിന്റേയും വ്യാപനം) വഴിവെച്ച ടൂറിസം ഏററവും വലിയ വികസന മാർഗ്ഗമായി ഈ സർക്കാരും കാണുന്നു. ഇപ്പോൾത്തന്നെ പെൺവാണിഭ സംഘങ്ങളും മററും വർദ്ധമാനമായ സാഹചര്യത്തിൽ ഈ ടൂറിസം കൂടി വന്നാലത്തെ കഥ ആർ

ക്കം ഊഹിക്കാനാവും. വൻതോതിൽ കായൽ നികത്തിയെടുത്തുവിററു നൂറുകണക്കിനു കോടികൾ സമ്പാദിക്കാനായി വൈപ്പിൻ പാലമെന്ന മേമ്പൊടിയോടെ കൊണ്ടുവന്ന കരുണാകര സിൽബന്ധികളുടെ ഗോശ്രീ പദ്ധതിയും ഊർജ്ജിതമായിരിക്കുന്നു. ഇതുണ്ടാക്കാവുന്ന വമ്പിച്ച പരിസ്ഥിതി പ്രശ്നങ്ങളൊന്നും സർക്കാരിനു പ്രശ്നമല്ല. ലോകബാങ്കും മററും പോലും നിഷ്ക്കർഷിക്കുന്ന ആഗോള ടെണ്ടർപോലും വിളിക്കാതെയും പവർ പർച്ചേസ് എഗ്രിമെൻറ് പ്രസിദ്ധപ്പെടുത്താതെയും ബഹുരാഷ്ട്രക്കുത്തകകളുമായി എൻറോൺ മോഡലിൽ യു. ഡി. എഫ് സർക്കാർ ഉണ്ടാക്കിയ വൈദ്യുത കരാറുകളെ അംഗീകരിക്കുക മാത്രമല്ല, അവ റോക്കററ് വേഗത്തിൽ നടപ്പാക്കുക കൂടിയാണിന്ന്. റോഡുകളുടേയും ഹൈവേകളുടേയും വികസനത്തിന് സ്വകാര്യമേഖലയെക്കൊണ്ട് 2000 കോടി രൂപ ചെലവാക്കിക്കാനും (റോഡുകളെ സ്വകാര്യ മേഖലക്കു കൈമാററൽ) തീരുമാനം നിയമസഭയിൽ പ്രഖ്യാപിച്ചിരിക്കുന്നു. ബസ്ചാർജ് കുത്തനെ വർദ്ധിപ്പിച്ചതും, വൈദ്യുതിചാർജ് വർദ്ധന തീരുമാനമായിരിക്കുന്നതും സ്റ്റാററ്യൂട്ടറിറേഷനു് അന്ത്യം കുറിക്കാനുള്ള തീരുമാനവും അൺഎയിഡഡ്/സ്വാശ്രയ കോളേജുകളും പരിയാരം കോഴ കോളജും അതേമട്ടിൽത്തുടരുന്നതും പുതിയവ അനുവദിക്കുന്നതുമെല്ലാം മുൻ സർക്കാരിൻെറ ദുർനയങ്ങൾ തുടരുന്നതിനുദാഹരണമാണ്. ഇതിൻെറ കൂടെ നടപ്പാക്കിയ ആദിവാസി ഭൂനിയമ ഭേദഗതി കൂടിയാകുമ്പോൾ ഈ വികസനത്തിൻെറ വർഗ്ഗ ഉള്ളടക്കത്തിൽ ആർക്കെങ്കിലും നേരിയ സംശയമവശേഷിക്കുന്നുവെങ്കിൽ അതുകൂടി ദൂരീകരിക്കപ്പെടുന്നുണ്ട്.

ഐ എം എഫ്-ലോകബാങ്ക് നയങ്ങൾക്കനുസരിച്ച് നടപ്പാക്കപ്പെടുന്ന ഈ കടുത്ത ജനദ്രോഹ നയങ്ങൾക്ക് ജനപിന്തുണ നേടിയെടുക്കാനും അത്തരം നയങ്ങളുടെ പുത്തൻകൊളോണിയൽ ഉള്ളടക്കത്തിൽ നിന്നും ജനശ്രദ്ധ തിരിക്കാനുമായിട്ടാണ് ഇന്നു് ജനകീയാസൂത്രണം, ജനപങ്കാളിത്തത്തോടെ വികസനം, അധികാര വികേന്ദ്രീകരണം എന്നെല്ലാം കൊട്ടിഘോഷിക്കപ്പെടുന്നത്. ഈ വികസന നയങ്ങൾ വിനാശത്തിനാണ് വഴിവെക്കുക. സാമ്പത്തിക മണ്ഡലത്തിൽ മാത്രമല്ല, ഒരുപക്ഷേ അതിലേറെ നമ്മുടെ സാമൂഹ്യ സാംസ്ക്കാരിക മണ്ഡലങ്ങളിൽ കൂടി വിനാശം വിതക്കാൻ വഴിവെക്കുന്ന ഈ വികസന നയത്തെ ചെറുത്തുകൊണ്ടേ കേരളീയർ എണ്ണമററ സമരങ്ങളിലൂടെ നേടിയെടുത്ത നേട്ടങ്ങളും അവകാശങ്ങളുമെങ്കിലും സംരക്ഷിക്കാനാകൂ. ഈ സാഹചര്യത്തിൽ ജനകീയാസൂത്രണമെന്നും പങ്കാളിത്ത വികസനമെന്നും മററുമുള്ള പല്ലവികൾക്കു പിന്നിൽ മറഞ്ഞിരിക്കുന്ന യഥാർത്ഥ ലക്ഷ്യങ്ങളെ തുറന്നുകാട്ടാനും വികസനത്തിൻെറ പേരിൽ ബഹുരാഷ്ട്രക്കുത്തകകൾക്കും സാമ്രാജ്യത്വ കിങ്കരന്മാർക്കും നാടിനെ തീറെഴുതാനായി കൊണ്ടുവരുന്ന പരിപാടികളെ ചെറുത്തുതോൽപ്പിക്കണമെന്നും മുഴുവൻ ദേശാഭിമാന പുരോഗമന ജനാധിപത്യ ശക്തികളോടും ഞങ്ങളഭ്യർത്ഥിക്കുന്നു.

കേരള സംസ്ഥാനക്കമ്മററി

സി.പി.ഐ (എം.എൽ) റെഡ്ഫ്ളാഗ്

ജനകീയാസൂത്രണം:
എന്ത്? എന്തിന്?

പ്രസിദ്ധീകരണം:

സി.പി.ഐ (എം.എൽ) റെഡ് ഫ്ളാഗ്
സംസ്ഥാനകമ്മററി

വില: 3 രൂപ

അച്ചടി:

കോമ്രേഡ്സ് പ്രിൻേറഴ്സ്
തൈക്കാട്ടുശ്ശേരി പി. ഒ.
തൃശൂർ-680 322, ഫോൺ: 0487-875175